# OFFICE OF THE COCHIN DEVASWOM BOARD

**Round North, Thrissur – 680 001**

PH: 2331124, 2327028 FAX : 2335874, 2327029

E-mail. admin @cochindevaswomboard.org.


No. A9-13749/15 Dated: 14/09/2023

## റീടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിലെ സെൻട്രൽ സ്റ്റോക്കിൽ സൂക്ഷിച്ചിട്ടുള്ളതായ ഉപയോഗശൂന്യമായതും കേടിനത്തിൽ ഉൾപ്പെടുന്നതുമായ ഓട് ഉരുപ്പടികൾ ഏകദേശം 4000 കി.ഗ്രാം കൂടാതെ കൊടുങ്ങല്ലൂർ ശ്രീദേവസ്വത്തിലെ ഉപയോഗ ശൂന്യമായ ഓട് ഉരുപ്പടികൾ ഏകദേശം 7000 കി.ഗ്രാം ഉം ടെണ്ടർ പ്രകാരം നൽകുന്നതിന് തീരുമാനിച്ചിട്ടുള്ള താണ്.

ടെണ്ടറുകൾ തൃശ്ശൂർ കൊച്ചിൻ ദേവസ്വം ബോർഡോഫീസിൽ 2023 സെപ്റ്റംബർ മാസം 28-ാം തിയ്യതി 3 മണി വരെ സ്വീകരിക്കുന്നതാണ്. ഓട് കി.ഗ്രാം 1 ക്ക് എത്ര രൂപക്ക് എടുത്തുകൊള്ളാം എന്നതിന് നിരക്ക് രേഖപ്പെടുത്തി ടെണ്ടർ സമർപ്പിക്കേണ്ടതാണ്. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓട് ഉരുപ്പടിക്ക് 3.00,000/-ക ഡി ഡി ദേവസ്വം കമ്മീഷ്ണർ, തൃശ്ശൂർ എന്ന പേരിൽ സമർപ്പിക്കേണ്ടതാണ്. EMD അടക്കം ചെയ്യാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്. കൂടുതൽ തുകക്ക് ടെണ്ടർ കൊണ്ട വ്യക്തി ഒഴികെ മറ്റു വ്യക്തികളുടെ നിരതദ്രവ്യം സംഖ്യ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ മടക്കി നൽകുന്നതാണ്.

ടെണ്ടർ അംഗീകരിച്ചു കഴിഞ്ഞാൽ മേൽ പറഞ്ഞ ഉരുപ്പടികൾ തൃശ്ശൂരിലുള്ള B11 ക്വാർട്ടേഴ്സ് കൂടാതെ കൊടുങ്ങല്ലൂർ ശ്രീദേവസ്വം എന്നിവിടങ്ങളിൽ നിന്നും ടെണ്ടർ ലഭിച്ച വ്യക്തിക്ക്/ സ്ഥാപനത്തിന് അറിയിപ്പ് ലഭിക്കുന്ന മുറക്ക് സ്വന്തം ഉത്തരവാദിത്വത്തിൽ ഏറ്റെടുത്ത് കൊണ്ടുപോകാവുന്നതാണ്. ഏറ്റെടുത്ത തൂക്കത്തിൽ സംഖ്യ നിയമാനുസൃത (GST അടക്കം) തൃശ്ശൂരിൽ മാറാവുന്ന ഡി ഡി കൾ RTGS or NEFT പ്രകാരം സംഖ്യ ദേവസ്വം എക്കൗണ്ടിലേയ്ക്ക് ഉരുപ്പടികൾ കൊണ്ടുപോകുന്നതിന് മുമ്പ് ഒടുക്കേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുമ്പോൾ GST നമ്പർ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

ടെണ്ടറുകൾ അന്നേ ദിവസം 3.30 ന് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ടെണ്ടർ സംഖ്യ ദേവസ്വത്തിന് ഗുണകരമല്ലാത്ത സാഹചര്യത്തിൽ ടെണ്ടർ റദ്ദ് ചെയ്യാനും മറ്റ് യുക്തമായ തീരുമാനം എടുക്കുവാനുമുള്ള അധികാരം താഴെ ഒപ്പു വെക്കുന്ന മേലധികാരിയിൽ നിക്ഷിപ്തമായിരിക്കും. ഈ ടെണ്ടർ നിരക്കിന്റെ കാലാവധി ടെണ്ടർ തിയ്യതി മുതൽ 2 മാസം വരെ ഉണ്ടായിരിക്കുന്നതും ടി കാലയളവിനുള്ളിൽ ഉരുപ്പടികൾ കൊണ്ടുപോകേണ്ടതുമാണ്. അല്ലാത്ത പക്ഷം നിരതദ്രവ്യം സംഖ്യ വകുപ്പിലേക്ക് മുതൽ കൂട്ടുന്നതാണ്.

ഈ ടെണ്ടറിനെ കുറിച്ച് കൂടുതൽ അറിയുന്നതിന് ഓഫീസ് പ്രവർത്തിക്കുന്ന ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

ഒപ്പ്

ദേവസ്വം കമ്മീഷ്ണർ

കൊച്ചിൻ ദേവസ്വം ബോർഡ്